Name of the student ——————Std X (Maths)

www.mathsblog.in
Assignment(2)

1. $50, 53, 56\cdots$ എന്ന ശ്രേണിയുടെയും $10, 17, 24\cdots$ എന്നശ്രേണിയുടെയും എത്രാമത്തെ പദമാണ് തുല്യമാകുന്നത് ?

2. ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ $n$ പദങ്ങളുടെ തുക $3n^2 + n$ ആയാൽ ആദ്യപദവും പൊതുവ്യത്യാസവും എഴുതുക .

3. ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം $5n - 3$ ആണ് . ഈ ശ്രേണിയിലെ പദങ്ങളെ $5$ കൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന ശിഷ്ടം എത്ര? $92$ ഈ ശ്രേണിയുടെ പദമാണോ?

4. $3, 5, 7\cdots$ എന്ന ശ്രേണിയുടെ ആദ്യത്തെ $25$ പദങ്ങളുടെ തുകയേക്കാൾ എത്ര കൂടുതലാണ് $4, 6, 8\ldots$ എന്ന ശ്രേണിയുടെ ആദ്യത്തെ $25$ പദങ്ങളുടെ തുക

5. ഒരു സമാന്തരശ്രേണിയുടെ പതിനേഴാം പദം പത്താമത്തെ പദത്തേക്കാൾ $7$ കൂടുതലാണ് . പൊതുവ്യത്യാസം എത്രയാണ് ? ആദ്യപദം $14$ ആയാൽ ശ്രേണി എഴുതുക .ശ്രേണിയുടെ ബീജഗണിതരൂപം എന്ത്?

6. $\frac{80}{7}, \frac{83}{7}, \frac{86}{7}\cdots$ എന്നത് ഒരു സമാന്തരശ്രേണിയാണ് . ഈ ശ്രേണിയുടെ ബീജഗണിതരൂപം എഴുതുക. ശ്രേണിയുടെ എണ്ണൽസംഖ്യാപദങ്ങൾ മാത്രം ശ്രേണിയായി എഴുതിയാൽ ഈ ശ്രേണിയുടെ ബീജഗണിത രൂപം എന്ത്?

7. ത്രികോണം $ABC$ യിൽ $\angle A = 120°$, $AB = 7$ സെ.മീറ്റർ, $AC = 6$ സെ.മീറ്റർ . ത്രികോണം വരച്ച് തുല്യപരപ്പളവുള്ള സമചതുരം വരക്കുക

8. താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ ഒരു അർദ്ധവൃത്തവും അതിന്റെ വ്യാസത്തിന് ലംബമായ $AB, CD$എന്നി വരകളും കാണാം. $AB = CD$ ആയാൽ $PA = QC$ എന്ന് തെളിയിക്കുക




9. ചത്രത്തിൽ $PA = PC$ ആയാൽ $AB = CD$ എന്ന് തെളിയിക്കുക




10. $AB, CD$എന്നി ഞാണുകൾ നീട്ടിയാൽ വൃത്തത്തിന് പുറത്ത് $P$ യിൽ കൂട്ടിമുട്ടുന്നു. $AB = 5, BP = 3, PD = 2$ ആയാൽ $CD$ കണക്കാക്കുക




11. താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ $AE \perp CB$ആണ് . $AB = 5, BD = 4, CD = 9$ ആയാൽ $DE$ കണക്കാക്കുക




12. മൂലകളെല്ലാം വൃത്തത്തിലായ സമചതുരമാണ് ചിത്രത്തിൽ കാണുന്നത് . $\angle APB$കണക്കാക്കുക




13. കർണ്ണം $4$ സെന്റീമീറ്ററായ സമപാർശ്വമട്ടത്രികോണം വരക്കുക

14. $3$സെന്റീമീറ്റർ ഉയരമുള്ള സമഭുജത്രികോണം വരക്കുക

15. ഒരു ചതുരം വരച്ച് അതിന് തുല്യപരപ്പളവുള്ള സമചതുരം നിർമ്മിക്കുന്ന വിധം വ്യക്തമാക്കുക

16. $7$സെന്റീമീറ്റർ പരപ്പളവുള്ള സമചതുരം വരക്കുക. ഇതിനായി ഉപയോഗിച്ചിരിക്കുന്ന ജ്യാമിതീയ തത്വം എഴുതുക

17. മൂന്നു നാണയങ്ങൾ ഒന്നിച്ച് മുകളിലേയ്ക്ക് എറിയുന്നു. കിട്ടുന്ന ഫലങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക. മൂന്നും തല കിട്ടാനുള്ള സാധ്യത എത്ര? മൂന്നും വാൽ കിട്ടാനുള്ള സാധ്യത എത്ര? ഒരു തലയെങ്കിലും കിട്ടാനുള്ള സാധ്യത എത്ര? ഒരു വാലെങ്കിലും കിട്ടാനുള്ള സാധ്യത എത്ര?

18. $2^1, 2^2, 2^3\cdots 2^{50}$ എന്നിവയുടെ വിലകൾ ചെറിയ കടലാസുകളിൽ എഴുതി ഒരു പെട്ടിയിൽ ഇട്ടിരിക്കുന്നു. അതിൽനിന്നും ഒരെണ്ണം എടുത്താൽ ഒറ്റയുടെ സ്ഥാനത്തെ അക്കം $4$ആകാനുള്ള സാധ്യത എത്ര? ഒറ്റയുടെ സ്ഥാനത്തെ അക്കം $6$ആകാനുള്ള സാധ്യത എത്ര?

19. നാല് തീപ്പെട്ടിക്കമ്പുകൾ ചേർത്തുവെച്ച് ഒരു സമചതുരം നിർമ്മിക്കുന്നു. അതിനോട് മൂന്നെണ്ണം ചേർത്തുവെച്ച് രണ്ട് സമചതുരങ്ങളാക്കുന്നു. ഇങ്ങനെ തുടർന്നാൽ മുപ്പത് സമചതുരങ്ങളുണ്ടാക്കാൻ എത്ര കമ്പുകൾ വേണം

20. താഴെ കൊടുത്തിരിക്കുന്ന പാറ്റേൺ നോക്കുക .

1
3 5 7
9 11 13 15 17
- - - - - - - - - - -

ഇരുപതാമത്തെ വരിയിലെ അവസാനസംഖ്യ ഏത് ? ആദ്യസംഖ്യ ഏത് ? ഇരുപത് വരികളിലായി എഴുതിയിരിക്കുന്ന സംഖ്യകളുടെ തുക കാണുക [1]